**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3464** **02-03-2023 - ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ തറ വില ഉയർത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന്റെ വർദ്ധിച്ച ഉല്പാദന ചെലവ് പരിഗണിക്കുമ്പോൾ നിലവിൽ പ്രഖ്യാപിച്ചിട്ടുള്ള 34 രൂപ തറ വില പര്യാപ്തമല്ല എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ തറ വില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | 2023-24 സംസ്ഥാന ബഡ്ജറ്റിൽ പച്ചത്തേങ്ങയുടെ സംഭരണ വില 34/-രൂപയായി ഉയർത്താൻ ശുപാർശയുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനച്ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34/- രൂപ എന്നത് കേരകർഷകർക്ക് ന്യായമായ വരുമാനം ഉറപ്പാക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് പച്ച തേങ്ങ സംഭരണത്തിനായി നിലവിൽ എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് ആയത് കാര്യക്ഷമമാക്കുമോയെന്നും അറിയിക്കാമോ; | (ബി) | നിലവിൽ 121 സംഭരണ കേന്ദ്രങ്ങൾ വഴി ഇപ്പോൾ പച്ചതേങ്ങ സംഭരിച്ചു വരുന്നു. സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഏജൻസികൾ പച്ചത്തേങ്ങ സംഭരണത്തിന് തയ്യാറായി മുന്നോട്ടു വരികയാണെങ്കിൽ ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണസംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തെരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൂടുതൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടുന്നതിന് കൃഷി ഭവനുകൾ മുഖേന പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | 2022 -23 നാളികേര വികസന പദ്ധതിയിൽ കേരഗ്രാമം ഘടകത്തിൽ കീടം - രോഗം ബാധിച്ചതും പ്രായാധിക്യം ഉള്ളതും, ഒരു വർഷം 10 നാളികേരം പോലും ലഭിക്കാത്തതുമായ തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തെങ്ങിൻ തൈകൾ നട്ടു പിടിപ്പിക്കുന്നു .തെങ്ങ് മുറിപ്പിനു 1000 രൂപയുംതെങ്ങിൻ തൈകൾക്ക് 60 രൂപയും നൽകുന്നു. നാളികേര വികസന ബോർഡിൻറെ പദ്ധതിയായ റീപ്ലാന്റിംഗ് ആൻഡ് റെജുവനേഷൻ (R & R )എന്ന പദ്ധതി ഘടകം മുഖേന കീടം - രോഗം ബാധിച്ചതും പ്രായാധിക്യം ഉള്ളതും,ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ച് മാറ്റുന്നതിനു ധനസഹായമായി |

| | | | |
|---|---|---|---|
| | | | ഒരു ഹെക്ടറിൽ പരമാവധി 32000 രൂപ (32 തെങ്ങുകൾ മുറിച്ച മാറ്റുമ്പോൾ )നൽകുന്നു . |
| (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്തെ നാളികേര കർഷകർക്ക് കൂടി പ്രയോജനകരമാകുന്ന രീതിയിൽ മാറ്റുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; എങ്കിൽ വിശമാക്കുമോ? | (ഡി) | നാളികേര വികസസന ബോർഡ് (CDB ) മുഖേനയാണ് കേരള സംസ്ഥാനത്ത് നാളികേരത്തിന്റെ കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു . എ)<u>തെങ്ങിൻ പ്രദേശങ്ങളിൽ പുനരുദ്ധരാണ് - പുനർനടീൽ പദ്ധതി</u>( Replanting and Rejuvenation ): പദ്ധതി പ്രകാരം കീടം / രോഗം ബാധിച്ചതും പ്രായാധിക്യം ഉള്ളതും,ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകൾ മുറിച്ച് മാറ്റുന്നതിനു ധനസഹായമായി ഒരു ഹെക്ടറിൽ പരമാവധി 32000 രൂപ (പരമാവധി 32 തെങ്ങുകൾ ) നൽകുന്നു . മുറിച്ച് മാറ്റുന്ന തെങ്ങിന് പകരം വെച്ച് പിടിപ്പിക്കുന്ന തെങ്ങിൻ തൈകൾക്ക് 40 രൂപ സബ്സിഡി നൽകുന്നു. ഒരു ഹെക്ടറിന് പരമാവധി 4000/- രൂപ നൽകുന്നു. അതെ പ്ലോട്ടിൽ അവശേഷിക്കുന്ന മറ്റു തെങ്ങുകൾ പരിപാലിക്കുന്നതിനായി ഒരു ഹെക്ടേറിനു പരമാവധി 17500/- രൂപ രണ്ടു വർഷങ്ങളിലായി നല്കുന്നു. 2022 -23 വർഷം , കേരളത്തിൽ 450 ഹെക്ടർ സ്ഥലത്തെ, തെങ്ങിൻ പ്രദേശങ്ങളിലാണ് തെങ്ങിന്റെ പുനഃരുദ്ധാരണ പുനർനടീൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആയത് നടപ്പിലാക്കുന്നതിനു ആവശ്യമായ് നിർദേശങ്ങൾ (working instructions ) ഇപ്പോൾ ജില്ലകൾക്ക് നൽകിയിട്ടുണ്ട്<br><br>ബി) <u>ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള സംയോജിത കൃഷി രീതികൾ (Integrated farming for productivity improvement)</u>: ഇതിൽ രണ്ടു ഉപപദ്ധതികൾ ഉണ്ട് .<br>i )ലയിങ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്സ് (Laying out of Demonstration Plots )തെങ്ങിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി കർഷകരുടെ തെങ്ങിന്തോപ്പുകളിൽ മാതൃക കൃഷി തോട്ടം സ്ഥാപിക്കുന്നു. ഇതിനായി തെങ്ങിൻ തടം എടുക്കൽ, സംയോജിത വള പ്രയോഗം,സംയോജിത കീട രോഗ നിയന്ത്രണം , ഇട വിള കൃഷി, കുമ്മായം ചേർക്കൽ, മണ്ട വൃത്തിയാക്കൽ , എന്നീ പ്രവൃത്തികൾ (കാർഷിക സർവ്വകലാ ശാലയുടെ POP നിർദേശ പ്രകാരം )മറ്റു നൂതന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. അതിനായി ഒരു ഹെക്ടറിന് 35000 രൂപ രണ്ടു വർഷങ്ങളിലായി നല്കുന്നു . |

| | | | |
|---|---|---|---|
| | | | ii )ജൈവവള യൂണിറ്റ് : ജൈവ വളത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാൻ ജൈവ വള യൂണിറ്റ് നിർമ്മിക്കുന്നു. യൂണിറ്റിന്റെ വലിപ്പം അനുസരിച്ച് 7500 രൂപ മുതൽ 60000 രൂപ വരെ നല്കുന്നു. 2022 -23 വർഷത്തേക്കുള്ള പ്രൊപ്പോസലിന് CDBയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടില്ല . |

സെക്ഷൻ ഓഫീസർ